# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 07, വൈകുന്നേരം 6.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 9 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 4 പേർക്കും, കണ്ണൂർ ജില്ലയിൽ നിന്നും 3 പേർക്കും, കൊല്ലം, മലപ്പുറം ജില്ലകളിൽ നിന്നും ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 12 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിന്നും 4 പേരുടെയും തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെയും പരിശോധനാ ഫലം ആണ് നെഗറ്റീവായത്. രോഗം സ്ഥിരീകരിച്ച 263 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 208 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 1,46,686 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 1,45,934 പേർ വീടുകളിലും 752 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 11232 സാമ്പിളുകൾ പരിശോധിച്ചതിൽ 10250 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഇന്ന് 155 കിന്റൽ പഴകിയ മത്സ്യം പിടിച്ചെടുത്തിട്ടുണ്ട് എന്നും മന്ത്രി അറിയിച്ചു. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 12,14,973 കേസൂകളും 67,841 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 4421 കേസുകളും 114 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 354 പുതിയ കേസുകളും 5 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ സജ്ജമായ കോവിഡ് ആശുപത്രിയെക്കുറിച്ചുള്ള വിവരണവും നടത്തി. എറണാകുളം ജില്ലയിൽ തയ്യാറാക്കിയ എമർജൻസി റെസ്പോൺസ് മെഡിക്കൽ മാർഗ്ഗരേഖയെക്കുറിച്ചുള്ള വിവരണവും നടത്തി.

## ചീഫ് സെക്രട്ടറി

റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ നാളെയോടുകൂടി കിട്ടുമെന്നാണ് പ്രതീക്ഷ. എന്നാൽ നാളെ കിട്ടിയില്ലെങ്കിൽ 13-ാം തീയതിയോടുകൂടി മാത്രമേ കിട്ടുകയുള്ളൂ. തിരുവനന്തപുരത്ത് ലഭിച്ച പി സി ആർ കിറ്റുകൾ ഉപയോഗിച്ച് പരിശോധന ആരംഭിച്ചു. നിസാമുദ്ദീനിൽ നിന്നും തിരികെ എത്തിയവരിൽ 3 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. ഇപ്പോൾ നിസാമുദ്ദീനിൽ നിന്നും തിരികെയെത്തിയവരിൽ 13 പേർക്കാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 1745 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 240-ഓളം വാഹനങ്ങളുടെ കുറവ് നേരിട്ടിട്ടുണ്ട്. ഇതിൽ പ്രധാനമായും വലിയ ഉള്ളിയുടെ (സവാള) വരവിലാണ് കുറവ് അനുഭവപ്പെട്ടിട്ടുള്ളത്. എന്നാലും ആവശ്യത്തിനുള്ള ശേഖരം ഉണ്ടെന്നാണ് സിവിൽ സപ്ലൈസ് അറിയിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് 1.49 ലക്ഷം മുറികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,01,690 മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. 2 ലക്ഷം മുറികൾ ഇങ്ങനെ കണ്ടെത്തണം എന്നാണ് ഇപ്പോൾ കരുതുന്നത്. ഇപ്പോൾ ഒരു ബുദ്ധിമുട്ട് നേരിടുന്നത് ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റിന്റെ കാര്യത്തിലാണ്. 2 ലക്ഷം കിറ്റുകൾക്ക് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും 1000 എണ്ണം മാത്രമാണ് ഇപ്പോൾ ലഭ്യമാകുമെന്ന് ഉറപ്പുള്ളത്. ഇതു കൂടാതെ, ഇപ്പോൾ കൈവശം 3382 കിറ്റുകളാണ് ഉള്ളത്. ഈ കാര്യത്തിലാണ് നമ്മൾ ഒരു ബുദ്ധിമുട്ട് നേരിടുന്നത്. അത്യാവശ്യഘട്ടം വന്നുകഴിഞ്ഞാൽ ഉപയോഗിക്കുന്നതിനായി 937 ആഡിറ്റോറിയം കണ്ടുവച്ചിട്ടുണ്ട്. ആവശ്യം വന്നു കഴിഞ്ഞാൽ ഇവ കോവിഡ് കെയർ സെന്ററുകളാക്കാവുന്നതാണ്. കാസർഗോഡ് ജില്ലയുടെ കാര്യത്തിൽ കേന്ദ്ര ആഭ്യന്തരസെക്രട്ടറിയുടെ അഭിപ്രായപ്രകാരം കർണാടക ആരോഗ്യവകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം സുപ്രീംകോടതിയുടെ മുമ്പിൽ എത്തിയിരുന്നെങ്കിലും കേന്ദ്ര ആഭ്യന്തര സെക്രട്ടറി ചർച്ച ചെയ്തിരുന്നതിനാൽ സുപ്രീം കോടതിയിൽ ചർച്ച ചെയ്യേണ്ടതില്ല എന്ന നിലപാടാണ് എടുത്തത്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്

കാസർഗോഡ് നിന്നും കർണാടകത്തിലേക്ക് ആംബുലൻസ് കടത്തി വിടുന്നില്ല എന്ന കാര്യത്തിൽ കർണാടക ആഭ്യന്തര സെക്രട്ടറിയുമായി സംസാരിച്ചിരുന്നു. ഇതുവരെ അതിർത്തി ജില്ലയിലെ കളക്ടർക്ക് ഇതു സംബന്ധിച്ച ഉത്തരവ് ഒന്നും ലഭിച്ചിട്ടില്ല എന്നാണ് അറിവായിട്ടുള്ളത്. കർണാടക ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് കിട്ടിയാൽ ആംബുലൻസ് കടത്തി വിടാമെന്നാണ് അറിയിച്ചിട്ടുള്ളത്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

കേരളത്തിൽ കോവിഡ് ചികിത്സ വളരെ ഭംഗിയായി നടക്കുന്നുണ്ട്. മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ രീതികൾ എങ്ങനെയാണെന്നും ചോദിച്ച് നിരവധി പേർ ബന്ധപ്പെടുന്നുണ്ട്. നമ്മുടെ പ്രോട്ടോക്കോളും മറ്റും അയച്ചു കൊടുക്കുന്നുമുണ്ട്. എറണാകുളത്തെ കോവിഡ് ടെസ്റ്റിങ്ങ് സെന്ററിൽ തൊണ്ടയിൽ നിന്നുമുള്ള സ്വാബ് എടുക്കുന്നതിന് ഉപയോഗിക്കുന്ന ഒരു കിയോസ്ക്കിനെക്കുറിച്ച് ധാരാളം വാർത്തകൾ

വരുന്നുണ്ട്. ഇതു സംബന്ധിച്ച് വിദഗ്ദ്ധരുമായി സംസാരിച്ചിരുന്നു. വളരെ തെറ്റായ രീതിയാണ് ഇതെന്ന അഭിപ്രായമാണ് ലഭ്യമായത്. സ്വാബ് എടുക്കുന്നതിനുള്ള കേന്ദ്ര ത്തിന് രണ്ട് ബൂത്തുകളാണ് വേണ്ടത്. നെഗറ്റീവ് പ്രെഷർ ക്യാബിൻ രോഗിക്കും, പോസിറ്റീവ് പ്രെഷർ ക്യാബിൻ സ്വാബ് എടുക്കുന്ന ആൾക്കും ആണ് വേണ്ടത്. അതേ അവസരത്തിൽ ഇപ്പോൾ പ്രചരിക്കുന്ന ഈ കിയോസ്കിൽ രോഗി തുറന്ന സ്ഥലത്തും, സാമ്പിൾ എടുക്കുന്ന ആൾ നെഗറ്റീവ് പ്രെഷർ ഉള്ളയിടത്തും ആണ് ഉള്ളത്. ഇങ്ങനെ വരുമ്പോൾ രോഗം പടരുന്നതിനുള്ള സാധ്യത കൂടുതലാണ്. കൂടാതെ, എത്‌ലിൻ വിന യിൽ അസറ്റേറ്റ് സുതാര്യ കൈയ്യുറകൾക്ക് പകരമായി ഇവിടെ, സാധാരണ റബ്ബർ കൈയ്യുറകളാണ് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ, ശേഖരിക്കുന്ന സാമ്പിളുകൾ സിപ്പ് ലോക്ക് പ്ലാസ്റ്റിക് കവറിലേക്കാണ് മാറ്റേണ്ടത്. എന്നാൽ ഇവിടെ ഒരു അറ്റൻഡറിന്റെ കൈകളിലേക്കാണ് കൊടുക്കുന്നത്. ഇതു ശരിയായ രീതിയല്ല. താഴെത്തട്ടിൽ ഉപയോഗി ക്കുന്ന ഏതു പുതിയ സാങ്കേതിക വിദ്യയും ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അനുമതി യോടുകൂടി മാത്രമേ പാടുള്ളൂ എന്ന് കർശനനടപടി സ്വീകരിക്കേണ്ടതാണ്. വളരെ കൃത്യമായ മാർഗ്ഗരേഖ നിലനിന്നിട്ടും ചില ഡി എം ഓ മാർ ജില്ലാതലത്തിൽ വെവ്വേറെ ഉത്തരവുകൾ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്നു. സംസ്ഥാനതലത്തിൽ നിലവി ലുള്ള മാർഗ്ഗരേഖക്ക് വിഭിന്നമായി ജില്ലകളിൽ മാർഗ്ഗരേഖകൾ ഇറക്കുവാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകണം. കൂടാതെ കാസർഗോഡ് ജില്ലയിൽ നിന്നും കർണാ ടകയിൽ ചികിത്സക്ക് പോകുന്നതുപോലെ, തമിഴ്നാട്ടിലെ നാഗർകോവിലിൽ നിന്നും കേരളത്തിലേക്ക് ചികിത്സക്ക് രോഗികൾ എത്തുന്നു എന്ന വിവരവും ലഭിക്കുന്നു. ഇത് പരിശോധിക്കണം. റാപ്പിഡ് ടെസ്റ്റുകളെക്കുറിച്ച് ഒരുപാട് തെറ്റിദ്ധാരണകൾ ഉണ്ടാകു ന്നുണ്ട്. അതിനാൽ റാപ്പിഡ് ടെസ്റ്റ് എന്നതിനുപകരം ആന്റീബോഡി ടെസ്റ്റ് എന്ന് ഉപ യോഗിക്കണമെന്ന് അഭിപ്രായപ്പെട്ടു.

## സെക്രട്ടറി ഐ ടി

കോവിഡ് പ്രതിരോധത്തിനായി ഏകജാലകം എന്ന ഒരു ഡാഷ്ബോർഡ് തയ്യാറാക്കിയതി നെക്കുറിച്ച് ഒരു പ്രസന്റേഷൻ അവതരിപ്പിച്ചു. ഗവൺമെന്റ് വെബ്സൈറ്റിന്റെ ഡാഷ്ബോർഡ് നിലവിൽ ഇങ്ങനെ മാറ്റുന്നതാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ ഒരു പ്രസന്റേഷൻ അദ്ദേഹം നടത്തി. പുതുതായി വരുന്ന ഒരാൾക്ക് വിവരങ്ങൾ അറിയുന്ന തിനും പേര് രജിസ്റ്റർ ചെയ്യുന്നതിനും അതുവഴി, നിരീക്ഷണത്തിനു പോകുന്നതിനുമുള്ള നിർദ്ദേശങ്ങളും ഇതിലൂടെ നൽകാവുന്നതാണ്. ഇതിനെക്കുറിച്ചെല്ലാം വിശദമായ വിവര ണങ്ങൾ അദ്ദേഹം നൽകി. ലോക്ക് ഡൗൺ അവസാനിച്ച് കഴിഞ്ഞാൽ അനുഭവപ്പെടാ വുന്ന തിരക്കും അതുമൂലമുണ്ടാകുന്ന കേസുകളുടെ എണ്ണവും ഇതുവഴി നിരീക്ഷിക്കാ വുന്നതാണ്.